## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.670 28.02.2018-ൽ മറുപടിയ്ക്ക്

### രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കിളിമാനൂരിൽ രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 65,00,000/-രൂപയും രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25,00,000/-രൂപയും ചേർത്ത് ആകെ 90,00,000/-രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. |
| (ബി) നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസം എന്താണ്? വിശദമാക്കുമോ ? | (ബി) പദ്ധതിയുടെ രണ്ടാം ഘട്ടമായി രവിവർമ്മ ആർക്കൈവ്സ്, സമകാലീന ചിത്രശാല, ലൈബ്രറി, ആർട്ട് റസിഡൻസി സ്റ്റുഡിയോ, ഗസ്റ്റ് റൂമുകൾ, ഡോർമിറ്ററി, ഓഡിറ്റോറിയം, മിനി തീയേറ്റർ, കലാ പരിശീലന കളരി തുടങ്ങിയവ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ രണ്ടാം ഘട്ട നിർമ്മാണത്തിനായി 9,26,62,225/-രൂപയുടെ പ്രൊപ്പോസൽ ലളിതകലാ അക്കാദമി ലഭ്യമാക്കുകയും 2016-17 സാമ്പത്തിക വർഷത്തിൽ ഇതിനായി 25,00,000/-രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് രാജാരവി വർമ്മ സ്മാരക നിലയത്തിന്റെ നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അക്കാദമി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ